

ഖുർആൻ ബോധനം

പ്രവാചകന്റെ കാലത്തെ അവിശ്വാസികളുടെ തർക്കം അല്ലാഹു ഉണ്ടോ എന്ന കാര്യത്തിലായിരുന്നില്ല; ദൈവമായിട്ട് അല്ലാഹുവല്ലാതെ മറ്റാരുമില്ലേ എന്ന കാര്യത്തിലായിരുന്നു. അല്ലാഹുവിന്റെ പങ്കാളികളും സഹകാരികളുമായി വേറെയും കുറെ ദൈവങ്ങളുണ്ട്. ഭൂമിയിലെ മനുഷ്യന്റെ ഭാഗധേയം കൈയാളുന്നത് അവരാണ്. അതിനാൽ മനുഷ്യൻ പ്രാർഥിക്കേണ്ടതും പ്രീതിപ്പെടുത്തേണ്ടതും ആ ഉപദൈവങ്ങളെയാണ്. ഇതായിരുന്നു ജാഹിലീ അറബികളുടെ വാദം. പക്ഷേ, ഇതു സ്ഥാപിക്കാൻ അവർക്ക് ബുദ്ധിപരമായ തെളിവുകളൊന്നും നിരത്താനുണ്ടായിരുന്നില്ല.

**എ.വൈ.ആർ**

സൂറ-22

# അൽഹജ്ജ്

ذَٰلِكَ بِأَنَّ ٱللَّهَ هُوَ ٱلۡحَقُّ وَأَنَّهُۥ يُحۡيِ ٱلۡمَوۡتَىٰ وَأَنَّهُۥ عَلَىٰ كُلِّ شَيۡءٖ قَدِيرٞ ٦

6. അല്ലാഹു തന്നെയാകുന്നു സാക്ഷാൽ സത്യം എന്നതുകൊണ്ടും അവൻ തന്നെയാണ് നിർജീവമായതിനെ ജീവിപ്പിക്കുന്നവനും സകല സംഗതികൾക്കും കഴിവുള്ളവനും എന്നതുകൊണ്ടുമത്രെ ഇതൊക്കെയും.

وَأَنَّ ٱلسَّاعَةَ ءَاتِيَةٞ لَّا رَيۡبَ فِيهَا وَأَنَّ ٱللَّهَ يَبۡعَثُ مَن فِي ٱلۡقُبُورِ ٧

7. അന്ത്യനാൾ വന്നെത്തുകതന്നെ ചെയ്യും. അതിൽ സംശയമേതുമില്ല - എന്നതിന്റെയും ശ്മശാനങ്ങളിലുള്ളവരെയെല്ലാം അല്ലാഹു ഉയിർത്തെഴുന്നേൽപിക്കുമെന്നതിന്റെയും തെളിവാണിത്.

**6,7**

ذَٰلِكَ = അത് (ഇതൊക്കെയും) بِأَنَّ ٱللَّهَ هُوَ ٱلۡحَقُّ = അല്ലാഹു തന്നെയാകുന്നു സാക്ഷാൽ സത്യം എന്നതുകൊണ്ടത്രേ

وَأَنَّهُۥ يُحۡيِ ٱلۡمَوۡتَىٰ = അവൻ തന്നെയാണ് നിർജീവമായതിനെ ജീവിക്കുന്നവൻ എന്നതു കൊണ്ടും

وَأَنَّهُۥ عَلَىٰ كُلِّ شَيۡءٖ قَدِيرٞ = അവൻ എല്ലാ സംഗതികൾക്കും കഴിവുള്ളവനുമാണ് എന്നതുകൊണ്ടുമത്രേ

وَأَنَّ ٱلسَّاعَةَ = തീർച്ചയായും ആ സമയം(അന്ത്യനാൾ)

ءَاتِيَةٞ = വന്നെത്തുന്നതാകുന്നു(ന്നെത്തുക തന്നെ ചെയ്യും എന്നതിന്റെയും) لَّا رَيۡبَ فِيهَا = അതിൽ സംശയമേതുമില്ല

وَأَنَّ ٱللَّهَ = തീർച്ചയായും അല്ലാഹു يَبۡعَثُ = ഉയിർത്തെഴുന്നേൽപ്പിക്കും (എന്നതിന്റെയും തെളിവാണിത്)

مَن فِي ٱلۡقُبُورِ = ശ്മശാനങ്ങളിലുള്ളവരെ (എല്ലാം)

**ഈ** സൂറയിൽ ഇതുവരെ പറഞ്ഞതിന്റെ സാരം ഒരിക്കൽ കൂടി സംഗ്രഹിച്ചിരിക്കുകയാണീ സൂക്തങ്ങളിൽ. അതായത്, അല്ലാഹുവിനെയും അന്ത്യനാളിനെയും ഭയപ്പെടണമെന്ന് നിങ്ങളെ ഉപദേശിക്കുന്നത് യഥാർഥ ആരാധ്യനും സത്യദൈവവും അവൻ മാത്രമായതുകൊണ്ടാണ്. അവന്റെ പങ്കാളികളും സഹകാരികളുമായി കരുതപ്പെടുന്നവരൊക്കെയും മിഥ്യകളാ

കുന്നു. അല്ലാഹുവല്ലാത്ത ആരുടെ ഊറ്റം കൊണ്ടാണോ ആളുകൾ ദൈവത്തിന്റെ പിടിയിൽ നിന്ന് രക്ഷപ്പെട്ടുകളയാമെന്ന് വ്യാമോഹിക്കുന്നത് അവർക്കും യാഥാർഥ്യമേതുമില്ല. ഒക്കെയും നിങ്ങളുടെ ഭാവനാ സൃഷ്ടികളാണ്.

ٱللَّهُ هُوَ ٱلْحَقُّ -എന്ന വാക്യത്തിന് രണ്ട് ആശയ മാനങ്ങളുണ്ട്. ഒന്ന്, അല്ലാഹു മാത്രമാണ് സത്യ ദൈവം. നിങ്ങൾ പൂജിക്കുന്ന മറ്റാരാധ്യരെല്ലാം വ്യാജ ദൈവ ങ്ങളാണ്. രണ്ട്, അല്ലാഹു മാത്രമാണ് അനാദിയായി ഉള്ളതും അനന്തമായി നിലനിൽക്കുന്നതുമായ പരമ സത്യം. മറ്റുള്ളതൊക്കെയും അവൻ ഉദ്ദേശിച്ചപ്പോൾ ഉണ്ടായതും അവൻ ഉദ്ദേശിക്കുമ്പോൾ ഇല്ലാതാകുന്നതുമായ പ്രതിഭാസ ങ്ങളാകുന്നു. ഈ സത്യം ഉപരിസൂചിത തെളിവുകളിൽ നിന്നും ന്യായങ്ങളിൽ നിന്നും അസന്ദിഗ്ധമായി സ്ഥിരപ്പെ ടുന്നതത്രേ. അവൻ മരിച്ചവരെ ജീവിപ്പിക്കുന്നവനും എല്ലാ സംഗതികൾക്കും കഴിവുള്ളവനുമാകുന്നു. അതിനാൽ ഈ ഭൗതികലോകത്തിന് ഒരന്ത്യം വന്നെത്തുമെന്നതിലും മരി ച്ചുപോയവരെല്ലാം അന്ന് ഉയിർത്തെഴുന്നേൽപിക്കപ്പെടു മെന്നതിലും യാതൊരു സംശയവും വേണ്ട. ■

---

وَمِنَ ٱلنَّاسِ مَن يُجَـٰدِلُ فِى ٱللَّهِ بِغَيْرِ عِلْمٍ وَلَا هُدًى وَلَا كِتَـٰبٍ مُّنِيرٍ ﴿٨﴾

8. ചിലയാളുകൾ വിവരവും സന്മാർഗ പ്രദർശനവും വെളിച്ചം പകരുന്ന വേദവും ഒന്നുമില്ലാതെ ദൈവിക കാര്യങ്ങളിൽ തർക്കിക്കുന്നു;

ثَانِىَ عِطْفِهِۦ لِيُضِلَّ عَن سَبِيلِ ٱللَّهِ ۖ لَهُۥ فِى ٱلدُّنْيَا خِزْىٌ ۖ وَنُذِيقُهُۥ يَوْمَ ٱلْقِيَـٰمَةِ عَذَابَ ٱلْحَرِيقِ ﴿٩﴾

9. അഹന്തയോടെ ചുമലു ചെരിച്ചു കൊണ്ട്; ജനത്തെ ദൈവിക സരണിയിൽ നിന്ന് തെറ്റിക്കാൻ. അത്തരക്കാരൻ ഇഹലോകത്തുതന്നെ നിന്ദിതനാകും. ഉയിർത്തെഴുന്നേൽപു നാളിലോ, നാം അവനെ കരിച്ചുകളയുന്ന ശിക്ഷ രുചിപ്പിക്കുന്നു.

**8,9**

وَمِنَ ٱلنَّاسِ = ആളുകളിൽനിന്ന് ചിലർ (ചിലയാളുകൾ) مَن يُجَـٰدِلُ = തർക്കിക്കുന്നു

فِى ٱللَّهِ = അല്ലാഹുവിൽ (ദൈവിക കാര്യങ്ങളിൽ) بِغَيْرِ عِلْمٍ = വിവരമില്ലാതെ

وَلَا هُدًى = സന്മാർഗവുമില്ലാതെ وَلَا كِتَـٰبٍ مُّنِيرٍ = പ്രകാശിക്കുന്ന(വെളിച്ചം പകരുന്ന) വേദവുമില്ലാതെ

ثَانِىَ عِطْفِهِۦ = (അഹന്തയാൽ) ചുമൽ ചരി(ച്ചു)ക്കുന്നവനായി കൊണ്ട് لِيُضِلَّ = (ജനത്തെ) തെറ്റിക്കാൻ

عَن سَبِيلِ ٱللَّهِ = ദൈവിക സരണിയിൽ നിന്ന് لَهُۥ = അവനുണ്ട് (അത്തരക്കാരൻ) فِى ٱلدُّنْيَا = ഇഹലോകത്തു(തന്നെ)

خِزْىٌ = നിന്ദ്യത (നിന്ദിതനാകും) وَنُذِيقُهُۥ = നാം അവനെ രുചിപ്പിക്കും يَوْمَ ٱلْقِيَـٰمَةِ = ഉയിർത്തെഴുന്നേൽപു നാളിൽ

عَذَابَ ٱلْحَرِيقِ = കരിച്ചുകളയുന്ന ശിക്ഷ

മൂന്നാം സൂക്തത്തിൽ സൂചിപ്പിച്ച കുതർക്കികളുടെ ധാർഷ്ട്യം കൂടുതൽ വിശദീകരിക്കുകയാണിവിടെ. 'വിവരമില്ലാതെ സകല ചെകുത്താന്മാരെയും പിന്തുടരുന്നവർ' എന്ന് അവിടെ വിശേഷിപ്പിക്കപ്പെട്ടത് ഇസ്‌ലാമിനെ തോൽപിക്കാൻ വിതണ്ഡവാദങ്ങളുന്നയിക്കുന്നവരെ പൊതുവിലാണ്. ഇവിടെ അറിവില്ലായ്മക്ക് പുറമെ സന്മാർഗമില്ലായ്മയും വേദജ്ഞാനമില്ലായ്മയും കൂടി അവരിൽ ആരോപിച്ചിരിക്കുന്നു. ദൈവിക വിഷയങ്ങളിൽ തീരുമാനം പറയാൻ പ്രവാചകന്മാരുടെ മാർഗദർശ നവും വേദജ്ഞാനവും അനിവാര്യമാണെന്ന് മൂന്നാം സൂക്തത്തിന്റെ വിശദീകരണത്തിൽ വ്യക്തമാക്കിയിട്ടുണ്ടല്ലോ. അക്കാര്യം തെളിച്ചു പറഞ്ഞിരിക്കുകയാണിവിടെ. هُدًى -യുടെ അർഥം സന്മാർഗം, മാർഗദർശനം എന്നാണ്. ശരിയായ മാർഗദർശനം ലഭിക്കുക ആധികാരിക ജ്ഞാനമുള്ള നിസ്വാർഥരായ ഗുരുക്കന്മാരിൽ നിന്നാണ്. പ്രവാചകന്മാരും പ്രവാചകന്മാരുടെ നിഷ്കളങ്ക ശിഷ്യന്മാരുമാണ് അത്തരം ഗുരുക്കന്മാർ. وَلَا هُدًى എന്നതിന്റെ താൽപര്യം അത്തരം ഗുരുക്കന്മാരുടെ

# ഖുർആൻ ബോധനം

മാർഗദർശനമില്ലാതെ എന്നാകുന്നു. പ്രകാശിക്കുന്ന ഗ്രന്ഥം- كِتَٰبٍ مُّنِيرٍ - അറിവാകുന്ന വെളിച്ചം പ്രസരിക്കുന്ന ഗ്രന്ഥമാണ്. വേദഗ്രന്ഥങ്ങളും വേദങ്ങളെ ആധാരമാക്കിയുള്ള ഗ്രന്ഥങ്ങളുമാണ് ഇവിടെ ഉദ്ദേശ്യം. ഈ വിശേഷണങ്ങൾ അല്ലാഹുവിനും അവന്റെ ദീനിനുമെതിരെ കുതർക്കങ്ങളുന്നയിക്കുന്ന എല്ലാവർക്കും ചേരുമെങ്കിലും സൂക്തം അത്തരക്കാരുടെ നേതാക്കളെ പ്രത്യേകം ഉദ്ദേശിച്ചിട്ടുള്ളതായി പണ്ഡിതന്മാർ പ്രസ്താവിച്ചിരിക്കുന്നു. സ്വയം പിഴച്ച മാർഗത്തിൽ ചരിക്കുന്നതിനപ്പുറം ജനത്തെ ദൈവിക സരണിയിൽ നിന്ന് തെറ്റിക്കാൻ- لِيُضِلَّ عَن سَبِيلِ ٱللَّهِ - എന്നു പറഞ്ഞതിൽ നിന്ന് അത് വ്യക്തമാണ്.

ഇത്തരം കുതർക്കികളും അവർക്ക് നേതൃത്വം നൽകുന്നവരും എക്കാലത്തും ഉണ്ടായിരുന്നു. ഇന്നുമുണ്ട്. പ്രവാചകന്റെ കാലത്തെ അവിശ്വാസികളുടെ തർക്കം അല്ലാഹു ഉണ്ടോ എന്ന കാര്യത്തിലായിരുന്നില്ല; ദൈവമായിട്ട് അല്ലാഹുവല്ലാതെ മറ്റാരുമില്ലേ എന്ന കാര്യത്തിലായിരുന്നു. അല്ലാഹുവിന്റെ പങ്കാളികളും സഹകാരികളുമായി വേറെയും കുറെ ദൈവങ്ങളുണ്ട്. ഭൂമിയിലെ മനുഷ്യന്റെ ഭാഗധേയം കൈയാളുന്നത് അവരാണ്. അതിനാൽ മനുഷ്യൻ പ്രാർഥിക്കേണ്ടതും പ്രീതിപ്പെടുത്തേണ്ടതും ആ ഉപദൈവങ്ങളെയാണ്. ഇതായിരുന്നു ജാഹിലീ അറബികളുടെ വാദം. പക്ഷേ, ഇതു സ്ഥാപിക്കാൻ അവർക്ക് ബുദ്ധിപരമായ തെളിവുകളൊന്നും നിരത്താനുണ്ടായിരുന്നില്ല. ഏതെങ്കിലും സത്യ പ്രവാചകൻ അപ്രകാരം പഠിപ്പിച്ചതായി ചൂണ്ടിക്കാണിക്കാനും കഴിഞ്ഞിരുന്നില്ല. പൂർവ വേദങ്ങളിലൊന്നും അതിനെ സാധൂകരിക്കുന്ന പ്രമാണങ്ങളില്ല. എന്നിട്ടും തങ്ങൾ മഹാ വിദ്വാന്മാരും ബുദ്ധിശാലികളും പ്രതാപികളുമാണെന്ന അഹങ്കാരത്തോടെ ഇസ്‌ലാമിനെതിരെ വാചകക്കസർത്തുകൊണ്ട് ഏറ്റുമുട്ടിക്കൊണ്ടിരുന്നു. പ്രവാചകന്റെ കാലത്ത് അബൂ ജഹ്‌ലും നദ്‌റുബ്നു ഹാരിസുമൊക്കെ അത്തരക്കാരായി എണ്ണപ്പെട്ടിരുന്നു. ثنى(വളച്ചു, ചരിച്ചു)യിൽ നിന്നുള്ള കർതൃപദമാണ് ثَانِيَ. കുതിരയെ ഉദ്ദിഷ്ട ദിശയിലേക്ക് തിരിക്കാൻ കടിഞ്ഞാൺ ആ വശത്തേക്ക് ചെരിച്ച് വലിക്കുന്നതിന് ثنى عناية عطف فرسه എന്നു പറയും. ചുമലിനും വശത്തിനും ഉപയോഗിക്കുന്ന പദമാണ് عطف. നമ്മുടെ ഭാഷയിൽ ഹുങ്കോടെ, അഹന്തയോടെ എന്ന അർഥത്തിൽ 'നെഞ്ചുന്തിക്കൊണ്ട്', 'മാറ് വിരിച്ചുകൊണ്ട്' എന്നൊക്കെ പറയുന്നതുപോലെ അറബിയിലുള്ള പ്രയോഗമാണ് ثَانِيَ عِطْفِهِۦ. ഇക്കാലത്തും വിഗ്രഹാരാധനക്കു വേണ്ടി വാദിക്കുന്നവരിലും നിരീശ്വരത്വം വാദിക്കുന്നവരിലുമൊക്കെ ഈ അഹന്തയും ധാർഷ്ട്യവും കാണാവുന്നതാണ്. രണ്ടു കൂട്ടരും വാദിക്കുന്നത് അവരുടെ പക്കൽ തെളിവൊന്നുമില്ലാത്ത കാര്യങ്ങളാണെങ്കിലും തങ്ങൾ പറയുന്നതൊക്കെ പരമ സത്യങ്ങളും ബുദ്ധിയുടെ താൽപര്യങ്ങളുമാണെന്നും അതംഗീകരിക്കാത്തവർ തികഞ്ഞ അജ്ഞരും അന്ധവിശ്വാസികളുമാണെന്നുമാണവരുടെ ഭാവം. ആധ്യാത്മികവും ദൈവികവുമായ കാര്യങ്ങൾ പ്രവാചക വെളിപാടുകളിലും വേദവിജ്ഞാനത്തിലും അധിഷ്ഠിതമാണെന്ന യാഥാർഥ്യം രണ്ടു കൂട്ടരും നിഷേധിക്കുന്നു. ഇന്ദ്രിയ ജ്ഞാനത്തിന്റെ കൂപത്തിലകപ്പെട്ട യുക്തിവാദികൾ ആ കൂപത്തിനപ്പുറം യാതൊന്നുമില്ലെന്ന് ശഠിക്കുന്നു. വിഗ്രഹാരാധകർക്ക് എന്നും പറയാനുള്ള മുഖ്യ ന്യായം ഒന്നാണ്. ഈ വിഗ്രഹങ്ങളൊക്കെ ഞങ്ങളുടെ പൂർവികർ തലമുറകളായി ആരാധിച്ചുവന്നതാണ്. അതുകൊണ്ട് ഞങ്ങളും അവയെ ആരാധിച്ചുകൊണ്ടിരിക്കും. അവയെ നിസ്സാരവത്കരിക്കുന്നത് ഞങ്ങൾക്ക് പൊറുക്കാനാവില്ല. പൂർവികരോടുള്ള അന്ധമായ അനുകരണം തങ്ങളുടെ അന്തസ്സിന്റെയും അഭിമാനത്തിന്റെയും പ്രശ്നമാണെന്ന അഹന്തയിൽ വഞ്ചിതരായവർക്ക് മുന്നിൽ അതിനെതിരെ എന്തൊക്കെ ന്യായങ്ങൾ സമർപ്പിച്ചാലും അവരത് സ്വീകരിക്കാൻ കൂട്ടാക്കുകയില്ല. സ്വന്തം പൈതൃകത്തെ രക്ഷിക്കാൻ അവർ പുതിയ പുതിയ വ്യാജ തത്ത്വങ്ങളും ന്യായങ്ങളും പടച്ചുവിട്ടുകൊണ്ടിരിക്കും. അത്തരക്കാരെക്കുറിച്ച് ഖുർആൻ 40:56-ൽ പറയുന്നു:

إِنَّ ٱلَّذِينَ يُجَٰدِلُونَ فِىٓ ءَايَٰتِ ٱللَّهِ بِغَيْرِ سُلْطَٰنٍ أَتَىٰهُمْ ۙ إِن فِى صُدُورِهِمْ
إِلَّا كِبْرٌ مَّا هُم بِبَٰلِغِيهِ ۚ

(യാതൊരു പ്രമാണവും ലഭിക്കാതെ അല്ലാഹുവിന്റെ സൂക്തങ്ങളെ കുറിച്ച് തർക്കിക്കുന്നവരുണ്ടല്ലോ, അവരുടെ മനസ്സുകളിൽ അഹങ്കാരമല്ലാതൊന്നുമില്ല. എന്നാൽ, അവർ ഭാവിക്കുന്ന ഔന്നത്യം അവർ പ്രാപിക്കാൻ പോകുന്നില്ല). 31:20,21-ൽ ഈ തർക്കങ്ങളുടെ പ്രേരകം പൂർവികരോടുള്ള അന്ധമായ പക്ഷപാതിത്വമാണെന്ന് വ്യക്തമാക്കിയിരിക്കുന്നു:

وَمِنَ ٱلنَّاسِ مَن يُجَٰدِلُ فِى ٱللَّهِ بِغَيْرِ عِلْمٍ وَلَا هُدًى وَلَا كِتَٰبٍ مُّنِيرٍ ﴿٢٠﴾
وَإِذَا قِيلَ لَهُمُ ٱتَّبِعُوا۟ مَآ أَنزَلَ ٱللَّهُ قَالُوا۟ بَلْ نَتَّبِعُ مَا وَجَدْنَا عَلَيْهِ ءَابَآءَنَآ ۚ

(ജ്ഞാനമോ മാർഗദർശനമോ വെളിച്ചം കാട്ടുന്ന വേദമോ ഒന്നുമില്ലാതെ അല്ലാഹുവിനെക്കുറിച്ച് തർക്കിക്കുന്ന ചില ജനമുണ്ട്. അല്ലാഹു അവതരിപ്പിച്ചതിനെ പിൻപറ്റാൻ ഉപദേശിക്കുമ്പോൾ അവർ പറയുന്നു: ഇല്ല, ഞങ്ങളുടെ പൂർവ പിതാക്കൾ ആചരിച്ചു കണ്ട മാർഗമേ ഞങ്ങൾ പിന്തുടരൂ).

പിതാമഹാന്മാരെന്ന നിലയിൽ എല്ലാ ജനതകൾക്കും അവരുടെ പൂർവികർ ആദരണീയരും സ്നേഹീയരുമാകുന്നു. എന്നാൽ, അവർ ആരാധ്യരാകുന്നില്ല. ആരാധ്യരായാൽ അവർ ദൈവങ്ങളാകും. അവരുടെ വിശ്വാസങ്ങളും ആചാരങ്ങളും നിർബന്ധപൂർവം അനുകരിക്കപ്പെടേണ്ടതും ചോദ്യം ചെയ്യപ്പെട്ടുകൂടാത്തതുമാകും. പിതൃപൂജയിലൂടെയാണ് മിക്ക സമുദായങ്ങളിലും ബഹുദൈവവിശ്വാസവും വിഗ്രഹാരാധനയും വേരോടുന്നത്. ഏതോ ഒരു പൂർവികനു പറ്റിയ അബദ്ധം അയാളുടെ പിൻഗാമികൾക്ക് സുബദ്ധമാകുന്നു. അവരുടെ പിൻഗാമികൾ അത് നിർബന്ധപൂർവം അനുകരിക്കാൻ ബാധ്യസ്ഥരാകുന്നു. അതിനെ ചോദ്യം ചെയ്യുന്നത് പിതൃനിന്ദയും ദേശദ്രോഹവുമാകുന്നു. ഈ പ്രവണത വിഗ്രഹാരാധകരിൽ മാത്രമല്ല വൈദിക മതങ്ങളിലുമുണ്ടാവാം. ജൂത-ക്രൈസ്തവ-

ഇസ്‌ലാം സമുദായങ്ങളിലെല്ലാം ഇങ്ങനെ ബഹുദൈവത്വപരമായ ആശയങ്ങളും ആചാരങ്ങളും കടന്നുകയറുന്നുണ്ട്. യഹൂദരുടെ, ദൈവത്തിന്റെ മക്കൾ എന്ന സങ്കൽപവും ക്രൈസ്തവരുടെ ത്രിയേകത്വ സങ്കൽപവും ഇങ്ങനെ കയറിവന്നതാണ്. മൺമറഞ്ഞവരോ ജീവിച്ചിരിക്കുന്നവരോ ആയ പുണ്യാത്മാക്കൾക്ക്, അവരെ വിളിച്ചു പ്രാർഥിക്കുന്നവരെ രക്ഷിക്കാനും അവരുദ്ദേശിക്കുന്നവരെ ശിക്ഷിക്കാനും കഴിവുണ്ട് എന്ന വിശ്വാസവും തജ്ജന്യമായ അനാചാരങ്ങളും ചില മുസ്‌ലിംകളിൽ കടന്നുകൂടിയത് മറ്റൊരു ഉദാഹരണമാണ്. വിശുദ്ധ ഖുർആന്റെ അധ്യാപനങ്ങൾക്കും നബി(സ)യുടെ ചര്യകൾക്കും വിരുദ്ധമാണെങ്കിലും അതിനെയെല്ലാം കവച്ചുവെക്കുന്ന തെളിവാണവർക്ക് തങ്ങളുടെ പൂർവികർ ഇങ്ങനെ ആചരിച്ചുവന്നിട്ടുണ്ട് എന്നത്. ഖുർആന്റെയും സുന്നത്തിന്റെയും പേരിൽ അതിനെ തള്ളിപ്പറയുന്നത് മഹാന്മാരായ പൂർവികരെ തള്ളിപ്പറയലാകും. അത് തങ്ങളുടെ അന്തസ്സിനും അഭിമാനത്തിനും മറ്റു ഭൗതിക താൽപര്യങ്ങൾക്കും എതിരാകും. അതുകൊണ്ട് കൃത്രിമമായ പല പല ന്യായങ്ങളും പ്രമാണങ്ങളുമുണ്ടാക്കി അനാചാരങ്ങൾ നിലനിർത്തിക്കൊണ്ടും പുഷ്ടിപ്പെടുത്തിക്കൊണ്ടുമിരിക്കുകയാണ്.

മുൻഗാമികളിൽ പരിശുദ്ധരായ ദൈവഭക്തന്മാരാരും, അല്ലാഹുവിനു പകരം തങ്ങളെ വിളിച്ച് ആഗ്രഹ സാഫല്യവും ആപത് രക്ഷയും തേടാൻ ഉപദേശിച്ചിട്ടില്ല. അവരോടുള്ള ആദരവ് ആരാധനയാക്കി മാറ്റിയ പിൻഗാമികൾ ചെയ്ത അബദ്ധമാണത്. ഇന്ന് ജീവിക്കുന്ന മനുഷ്യർ- വിദ്വാന്മാരും സാധാരണക്കാരും എല്ലാം- ആഗ്രഹിക്കുന്നത് തങ്ങളിൽ വന്നുപോയിട്ടുള്ള അബദ്ധങ്ങൾ പിൻഗാമികൾ തിരുത്തണമെന്നാണല്ലോ. ഇതുതന്നെയായിരുന്നു പണ്ടുള്ളവരുടെയും അവസ്ഥ. പക്ഷേ, പൂർവികരോടുള്ള ആദരവ് ആരാധനയാക്കി മാറ്റിയവർ, ആധ്യാത്മിക-ദൈവിക വിഷയങ്ങളിൽ അവർക്ക് പിണഞ്ഞ അബദ്ധങ്ങളും അജ്ഞതകളും എന്തു വില കൊടുത്തും സംരക്ഷിച്ചുനിർത്താൻ ശ്രമിക്കുന്നു. ദൈവിക സരണിയിൽ നിന്ന് അബദ്ധത്തിൽ വഴിതെറ്റിപ്പോകുന്നവരുടെ കാര്യത്തിൽ നിരാശക്കവകാശമില്ല. സ്വന്തം ദൗർബല്യത്തെക്കുറിച്ച് ബോധവാന്മാരാവുകയാണെങ്കിൽ അവർ സത്യത്തിലേക്ക് തിരിച്ചുവരാൻ സാധ്യതയുണ്ട്. എന്നാൽ, തങ്ങൾ പുലർത്തുന്ന അസത്യത്തിന് തങ്ങളുടെ പക്കൽ തെളിവൊന്നുമില്ലെന്നറിഞ്ഞിട്ടും അത് നിലനിർത്താൻ പോരാടുന്നവർ അഹങ്കാരികളും ധിക്കാരികളുമാണ്. എല്ലാവരെയും വഴിതെറ്റിച്ച് തങ്ങളുടെ അനാചാരത്തിന്റെ അനുകർത്താക്കളാക്കുകയും എല്ലാവരിലും മേധാവിത്തം നേടുകയുമാണവരുടെ ലക്ഷ്യം. ഇതാണ് ثَانِيَ عِطۡفِهِۦ لِيُضِلَّ عَن سَبِيلِ ٱللَّهِ എന്ന വാക്യത്തിന്റെ താൽപര്യം. ഇങ്ങനെ സത്യത്തിനും ധർമത്തിനുമെതിരെ, അഹങ്കാര പ്രേരിതമായി വാദപ്രതിവാദങ്ങളിലേർപ്പെടുന്നവരും പോരാടുന്നവരും ഈ ലോകത്തുതന്നെ നിന്ദിതരായിത്തീരും. പരലോകത്താവട്ടെ അവരെ കാത്തിരിക്കുന്നത് നരകശിക്ഷയാണ്. ഇഹലോകത്തെ നിന്ദ ചിലപ്പോൾ അവർ ജീവിച്ചിരിക്കുമ്പോൾ തന്നെ അനുഭവപ്പെടുന്നു. ചിലരെ മരിച്ചുപോയ ശേഷമായിരിക്കും ലോകം തിരിച്ചറിയുന്നതും നിന്ദിക്കുന്നതും. രണ്ടിനും ചരിത്രത്തിൽ എത്രയോ ഉദാഹരണങ്ങളുണ്ട്. ചില വ്യാഖ്യാതാക്കളുടെ വീക്ഷണത്തിൽ ഇവിടെ ചർച്ച ചെയ്യുന്നത് അന്ത്യ പ്രവാചകനെ നേരിട്ട് എതിർത്തിരുന്ന ഖുറൈശി പ്രമാണിമാരുടെ കാര്യമാണ്. പ്രവാചകന്റെ പ്രതിയോഗികൾ അസത്യത്തിലും അധർമത്തിലും ഉറച്ചു നിൽക്കുകയാണെങ്കിൽ, ന്യായങ്ങളെല്ലാം പൂർത്തിയായിക്കഴിഞ്ഞാൽ അനിവാര്യമായും ഈ ലോകത്തുതന്നെ പരാജയപ്പെടുത്തപ്പെടുകയും നിന്ദിതരായിത്തീരുകയും ചെയ്യുക എന്നത് ദൈവിക നടപടിക്രമത്തിന്റെ (سنة الله) ഭാഗമാകുന്നു. ബദ്റിൽ ദാരുണമായി കൊല്ലപ്പെട്ട അബൂജഹ്‌ലും നദ്റുബിൻഹാരിസും അതിന് ഉദാഹരണങ്ങളാകുന്നു. മൂലത്തിലെ حَرِيقِ-ന് അഗ്നി, കരിക്കുന്നത്, ജ്വാല എന്നീ അർഥങ്ങളുണ്ട്. എല്ലാ അർഥങ്ങളും സന്ദർഭത്തോട് യോജിക്കുന്നു. عَذَابَ ٱلۡحَرِيقِ എന്ന വാക്കിൽ കർമഫലത്തെ കർമത്തോട് സാദൃശ്യപ്പെടുത്തലുണ്ട്. ഈ ലോകത്ത് സത്യത്തിനെതിരെ അവരുടെ വെറുപ്പും വിദ്വേഷവും അസൂയയും അഹന്തയുമൊക്കെ കത്തിക്കാളുകയായിരുന്നുവല്ലോ. അതിനാൽ പരലോകത്തവർ കത്തിജ്വലിക്കുന്ന നരകം രുചിച്ചുകൊള്ളട്ടെ. ■


## Matrimonial

മുസ്‌ലിം യുവാവ് (27/176 cm). BDS. കോഴിക്കോട് ജില്ല. ദീനീനിഷ്ഠയുള്ള പ്രഫഷണലുകളായ യുവതികളുടെ രക്ഷിതാക്കളിൽനിന്ന് ആലോചനകൾ ക്ഷണിക്കുന്നു.

**8138076077, +971507215995**
**0097433440025**

ജി.ഐ.ഒ പ്രവർത്തക (22/156cm). MSc Physics. പ്രാസ്ഥാനിക കുടുംബം. സ്വാശ്രയ കോളേജിൽ അസി. പ്രഫസർ. സൗന്ദര്യം. കോഴിക്കോട് ജില്ല. വിദ്യാ സമ്പന്നരായ പ്രസ്ഥാന പ്രവർത്തകരിൽനിന്ന് ആലോചനകൾ ക്ഷണിക്കുന്നു.

**8893095807**